I. ഇ.ബി. XV1-കേരള നിയമസഭ/I-11

# പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

2026 ജൂൺ 29, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

സ്ത്രീ സുരക്ഷാ പദ്ധതി

മി. സ്പീക്കർ: സംസ്ഥാനത്തെ പാവപ്പെട്ട കുടുംബങ്ങളിലെ വരുമാനമില്ലാത്ത സ്ത്രീകൾക്കായി മുൻസർക്കാർ നടപ്പാക്കിയ സ്ത്രീ സുരക്ഷാ പദ്ധതി പ്രകാരമുള്ള പ്രതിമാസ ധനസഹായം കഴിഞ്ഞ മൂന്ന് മാസമായി മുടങ്ങിയിരിക്കുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ എ. സി. മൊയ്തീൻ, കെ. രാജൻ, പി. കെ. പ്രവീൺ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): 2026 ഫെബ്രുവരി 11-ാം തീയതിയാണ് സ്ത്രീ സുരക്ഷാ പദ്ധതിയുടെ ആദ്യഘട്ട ധനസഹായ വിതരണം നടത്തിയത്. യാതൊരു തയ്യാറെടുപ്പുകളും ഫീൽഡ് ലെവൽ പരിശോധനയും നടത്താതെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതെന്ന പരാതി നിലനിൽക്കുകയാണ്. പുതുക്കിയ ബജറ്റിൽ പദ്ധതിക്കായി 1770 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് രീതി പരിശോധിക്കാതെ ഇത് തുടരണമോയെന്ന് തീരുമാനിക്കാൻ സാധിക്കില്ല.

ശ്രീ. എ. സി. മൊയ്തീൻ: സംസ്ഥാനത്തെ പാവപ്പെട്ട വീട്ടമ്മമാർക്ക് സാമൂഹിക സുരക്ഷയും സാമ്പത്തിക സ്വാതന്ത്ര്യവും ഉറപ്പാക്കുന്ന സ്ത്രീ സുരക്ഷാ പദ്ധതി തകർക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. മറ്റ് സാമൂഹ്യക്ഷേമ പദ്ധതികളിൽ ഗുണഭോക്താക്കളല്ലാത്തവരും അന്ത്യോദയ അന്നയോജന, മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ട്രാൻസ്‌വുമൺ അടക്കമുള്ള 35 മുതൽ 60 വയസ്സുവരെയുള്ള സ്ത്രീകൾക്ക് പ്രതിമാസം 1000 രൂപ സാമ്പത്തിക സഹായം ലഭിക്കുന്ന പദ്ധതിയാണിത്. പ്രസ്തുത

പദ്ധതിക്കായി 3720 കോടി രൂപ കഴിഞ്ഞ സർക്കാർ ബജറ്റിൽ വകയിരുത്തിയിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനതല സമിതി പരിശോധിച്ച് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും 2026 മാർച്ച് വരെയുള്ള ധനസഹായം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അഞ്ച് ലക്ഷം പുതിയ അപേക്ഷകളിന്മേൽ തീരുമാനമെടുക്കാതെ തടഞ്ഞുവച്ചിരിക്കുകയാണ്. വിവിധ ജനക്ഷേമ പദ്ധതികൾ ഇല്ലാതാക്കി പാവപ്പെട്ടവരോട് നിഷേധാത്മക നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. സ്ത്രീ സുരക്ഷാ പദ്ധതിയുടെ നിലവിലെ അവസ്ഥ ഗൗരവപൂർവം പരിശോധിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): നടപടിക്രമങ്ങൾ പാലിക്കാതെയും ധൃതിപിടിച്ചുമാണ് കഴിഞ്ഞ സർക്കാർ പദ്ധതി നടപ്പാക്കിയത്. ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് സമിതിയാണെന്ന വാദം ശരിയല്ല. കൃത്യമായ പരിശോധനകൾ നടത്തി പോരായ്മകളില്ലെന്ന് ഉറപ്പാക്കി മാത്രമെ സ്ത്രീ സുരക്ഷാ പദ്ധതി നടപ്പാക്കുകയുള്ളൂ. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സ്ത്രീ സുരക്ഷാ പദ്ധതിയെ സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി കാണേണ്ടതാണ്. ആധാർ, പൊതുവിതരണ സംവിധാനം, മരണ രജിസ്ട്രി, സ്പാർക്ക്, സേവന പെൻഷൻ, ട്രഷറി സർവീസ് തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ചും സുതാര്യത ഉറപ്പാക്കിയും പെൻഷൻ ഡ്യൂപ്ലിക്കേഷൻ സംഭവിക്കാതെയും കെ-സ്മാർട്ട് പ്ലാറ്റ്ഫോം തയ്യാറാക്കിയതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമായി അംഗീകരിച്ചതുമായ ഗുണഭോക്തൃ ലിസ്റ്റാണ് നിലവിലുള്ളത്. അതിനെ അട്ടിമറിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അർഹരായ 10 ലക്ഷം ഗുണഭോക്താക്കൾക്ക് 2026 ഫെബ്രുവരി മുതൽ നൽകിത്തുടങ്ങിയ പെൻഷൻ തുടരുന്നതിലുള്ള വിയോജിപ്പിന്റെ കാരണം വ്യക്തമാക്കണം. നേരത്തെ ലഭ്യമായ 5 ലക്ഷത്തിലധികം അപേക്ഷകൾ പ്രോസസ്സ് ചെയ്യാനുള്ള യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. സ്ത്രീകളുടെ അധ്വാനം രാജ്യപുരോഗതിക്ക് ആധാരമാണെന്ന കാഴ്ചപ്പാടോടെ കഴിഞ്ഞ ഗവൺമെന്റ് നടപ്പാക്കിയ പദ്ധതിയോട് വിമുഖത കാണിക്കുന്നത് ശരിയല്ല. ഗവൺമെന്റ് മനോഭാവം മാറ്റുമെന്ന പ്രതീക്ഷയോടെ ഈ വിഷയത്തിൽ സ്വീകരിച്ച സമീപനത്തോടുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നു.

## II ശ്രദ്ധക്ഷണിക്കൽ

(1) എല്ലാ ഇലക്ട്രിക് ഇരുചക്ര വാഹന യാത്രക്കാർക്കും ഹെൽമറ്റ് നിർബന്ധമാക്കൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: 250 വാട്ട്സിനുതാഴെ പവറും മണിക്കൂറിൽ 25 കിലോമീറ്ററിൽതാഴെ വേഗതയുമുള്ള ഇലക്ട്രിക് ഇരുചക്ര വാഹനങ്ങൾ ഹെൽമറ്റ് ധരിക്കാതെ പൊതുനിരത്തുകളിൽ ഓടിക്കുന്നതുമൂലം വലിയ തോതിൽ അപകടങ്ങളുണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര മോട്ടോർ വാഹന നിയമവുമായി യോജിച്ചുകൊണ്ട് റോഡ് സേഫ്റ്റി ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് നിയമം നിർമ്മിക്കാനും ഇത്തരത്തിലുള്ള വാഹനം ഓടിക്കുന്നവർക്ക് ഹെൽമറ്റ് നിർബന്ധമാക്കാനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): 1988-ലെ കേന്ദ്ര മോട്ടോർ വാഹന നിയമ പ്രകാരം ഇലക്ട്രിക് വാഹനങ്ങൾ ഉൾപ്പെടെയുള്ള ഇരുചക്ര വാഹനങ്ങൾക്ക് ഹെൽമറ്റ് നിർബന്ധമാണ്. 250 വാട്സിനുതാഴെ പവറും 25 കിലോമീറ്ററിനുതാഴെ വേഗതയുമുള്ള നോൺമോട്ടോർ വെഹിക്കിൾ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾ ഹെൽമറ്റ് ധരിക്കാതെ ഓടിക്കുന്നത് അപകടങ്ങൾക്കിടയാക്കുന്നുണ്ട്. ഇത് പരിഹരിക്കാനായി സംസ്ഥാന സർക്കാരിനുള്ള ചട്ടനിർമ്മാണ അവകാശമുപയോഗിച്ച് പരിഹാര നടപടികൾ സ്വീകരിക്കാൻ ശ്രമിക്കുന്നതാണ്.

(2) ആരോഗ്യ-ചികിത്സാരംഗത്തെ പോരായ്മകൾ

ശ്രീ. വി. മുരളീധരൻ: ജലജന്യ രോഗങ്ങളും പകർച്ചവ്യാധികളും വർധിച്ചുവരുന്നതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ത്രിതല ആരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ബജറ്റ് വിഹിതം വർധിപ്പിക്കാനും ചികിത്സാപിഴവുകൾ ആവർത്തിക്കാതിരിക്കാനും നിലവിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മെഡിക്കൽ കോളേജുകളിലെ തിരക്ക് നിയന്ത്രിക്കുന്നതിനായി പ്രൈമറി ഹെൽത്ത് സെന്ററുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവയുടെ സൗകര്യങ്ങൾ വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ സ്ഥലലഭ്യതയ്ക്കനുസൃതമായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും സ്റ്റാഫ് സ്ട്രെങ്ത് വർധിപ്പിക്കാനും സി.എസ്.ആർ. ഫണ്ടുപയോഗിച്ച് സർക്കാർ ആശുപത്രികൾ നവീകരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചികിത്സാപ്പിഴവുകൾ

ആവർത്തിക്കാതിരിക്കാൻ കർശന നിർദേശം നൽകുകയും എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പകർച്ചവ്യാധികൾ തടയുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകിയിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## III സബ്മിഷൻ

(1) വർക്കല ഈരാറ്റിൽ-വല്ലഭൻകുന്ന് പ്രദേശത്തെ പാറഖനനം

ശ്രീ. വി. ജോയി: വർക്കല ഈരാറ്റിൽ-വല്ലഭൻകുന്ന് പ്രദേശത്തെ പാറഖനനം നിയന്ത്രിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പരിഹാര നടപടി സ്വീകരിക്കണം.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): വർക്കല താലൂക്കിലെ ഈരാറ്റിൽ-വല്ലഭൻകുന്ന് പ്രദേശത്തെ റവന്യൂ ഭൂമിയിൽ പാറഖനനം അനുവദിക്കുന്നതല്ല. പ്രസ്തുത വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കാൻ മൈനിങ് ആൻഡ് ജിയോളജി വകുപ്പിന് നിർദേശം നൽകുന്നതാണ്.

(2) ചിറക്കൽ വളപട്ടണം പ്രദേശം മിനി ഇൻഡസ്ട്രിയൽ ഹബ്ബായി ഉയർത്തൽ

ശ്രീ. കെ. വി. സുമേഷ്: ചിറക്കൽ വളപട്ടണം പ്രദേശത്തെ മിനി ഇൻഡസ്ട്രിയൽ ഹബ്ബാക്കി ഉയർത്താനുള്ള നടപടി സ്വീകരിക്കണം.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സിഡ്കോയുടെ ഉടമസ്ഥതയിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥിതിചെയ്യുന്ന പ്രസ്തുത പ്രദേശത്ത് ചെറുകിട വ്യവസായ ഹബ്ബിനുള്ള സാധ്യതകളുണ്ടോയെന്ന് പരിശോധിക്കാം.

(3) അടൂരിലെ കനാൽ തീരങ്ങളുടെയും നടപ്പാലങ്ങളുടെയും അപകടാവസ്ഥ

ശ്രീ. സി. വി. ശാന്തകുമാർ: അടൂർ നിയോജകമണ്ഡലത്തിലെ കനാൽ തീരങ്ങളുടെയും നടപ്പാലങ്ങളുടെയും അപകടാവസ്ഥ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): അടൂരിലെ അപകടാവസ്ഥയിലായ കനാൽ തീരങ്ങളും നടപ്പാലങ്ങളും പുനരുദ്ധരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. കെ.ഐ.പി. കനാൽ ശൃംഖലയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനും കനാലുകളുടെ ശോച്യാവസ്ഥ പരിഹരിക്കാനും അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(4) തിരുവല്ലയിലെ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. വർഗ്ഗീസ് മാമ്മൻ: തിരുവല്ല നിയോജകമണ്ഡലത്തിലെ മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ ആരംഭിച്ച ശുദ്ധജല വിതരണ പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): തിരുവല്ല നിയോജകമണ്ഡലത്തിലെ മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനെ തുടർന്ന് കരാറുകാരനെ ഒഴിവാക്കുകയും അവശേഷിക്കുന്ന പ്രവൃത്തികൾ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി റിസ്ക് ആൻഡ് കോസ്റ്റ് വ്യവസ്ഥയിൽ റീടെൻഡർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. പ്രവൃത്തികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കാൻ സാധ്യമായ നടപടികൾ സ്വീകരിക്കുന്നതിന് എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ പ്രത്യേക യോഗം വിളിച്ചുചേർക്കാവുന്നതാണ്.

(5) മഞ്ചേരി മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യങ്ങൾ വർധിപ്പിക്കൽ

ശ്രീ. എം. റഹ്മത്തുള്ള: മഞ്ചേരി മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താനും വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനും സത്വര നടപടി സ്വീകരിക്കണം.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്, വിവിധ സർക്കാർ പദ്ധതികൾ എന്നിവ മുഖേന മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയും സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള സംവിധാനങ്ങളൊരുക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുത്ത് മെഡിക്കൽ കോളേജിന്റെ വികസനം പൂർത്തിയാക്കാനും സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കാനും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാനും തീരുമാനമെടുത്തിട്ടുണ്ട്.

(6) ഷൊർണ്ണൂരിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ

ശ്രീ. പി. മമ്മിക്കുട്ടി: ഷൊർണ്ണൂർ-കുളപ്പുള്ളി മേഖല കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കാനും ഓർഡിനറി ബസ് സർവീസുകളുടെ എണ്ണം വർധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലേക്ക് സമീപ ഡിപ്പോകളിൽ നിന്നാണ് ബസ്സ് സർവീസ് നടത്തുന്നത്. രണ്ടര ഏക്കർ സ്ഥലവും കെട്ടിടവും അനുബന്ധ സൗകര്യങ്ങളും സൗജന്യമായി ലഭിക്കുന്നപക്ഷം കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കാൻ സാധിക്കുന്നതാണ്. ഷൊർണ്ണൂർ വഴി തൃശ്ശൂർ, പെരിന്തൽമണ്ണ ഭാഗങ്ങളിലേക്ക് സർവീസ് നടത്തുന്ന ഓർഡിനറി ബസ്സുകളും തൃശ്ശൂരിൽനിന്നും പെരിന്തൽമണ്ണ ഭാഗത്തേക്ക് സർവീസ് നടത്തുന്ന ദീർഘദൂര ബസ്സുകളും ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ, മുനിസിപ്പൽ ബസ്സ് സ്റ്റേഷൻ എന്നിവിടങ്ങൾ വഴി സർവീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(7) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

ശ്രീ. സി. അജയപ്രസാദ്: പുനലൂർ നിയോജകമണ്ഡലത്തിലെ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്താനും അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കാനുമുള്ള അടിയന്തര നടപടി സ്വീകരിക്കണം.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന വിഷയത്തിൽ നിയമപരമായ സാധ്യതകൾ പരിശോധിച്ച് അനുഭാവപൂർവമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(8) പെരുമ്പാവൂർ ടൗണിൽ ഫ്ലൈ ഓവർ

ശ്രീ. മനോജ് മൂത്തേടൻ: പെരുമ്പാവൂർ നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കാനായി ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): പെരുമ്പാവൂർ നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിന് വിദഗ്ധ സമിതിയെ നിയോഗിക്കുന്നതാണ്.

(9) വെഞ്ഞാറമൂട് ഫ്ലൈഓവർ നിർമ്മാണം

ശ്രീ. സുധീർഷാ പാലോട്: വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരീകരിക്കുന്നതിനും നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനുമായി വിദഗ്ധ സമിതിയെ നിയോഗിക്കാനും പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനും റിങ് റോഡുകൾ നവീകരിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): വെഞ്ഞാറമൂട് ഫ്ലൈഓവർ നിർമ്മാണവേളയിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി പിരപ്പൻകോട് മുതൽ അമ്പലമുക്ക് വരെ വെഞ്ഞാറമൂട് ഔട്ടർ റിങ് റോഡ് നിർമ്മിച്ചിട്ടുണ്ട്. ഫ്ലൈഓവർ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചില്ല. നിലവിലെ സാഹചര്യം വിലയിരുത്തി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി ഫ്ലൈ ഓവർ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V ധനകാര്യം

2026-2027 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ
(839,17,61,000 രൂപ)

ധനാഭ്യർഥന നമ്പർ III - നീതിന്യായ നിർവഹണം
(1484,82,42,000 രൂപ)

ധനാഭ്യർഥന നമ്പർ V - ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും
(567,89,01,000 രൂപ)

ധനാഭ്യർഥന നമ്പർ XL - തുറമുഖങ്ങൾ
(665,24,40,000 രൂപ)

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ VI - ഭൂനികുതി
(1178,75,27,000 രൂപ)

സഹകരണ-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ലിജു): താഴെപ്പറയുന്ന ധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ VIII - എക്സൈസ്
(566,89,17,000 രൂപ)

ധനാഭ്യർഥന നമ്പർ XXVII - സഹകരണം
(666,64,89,000 രൂപ)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ IX - വാഹന നികുതികൾ
(308,80,28,000 രൂപ)

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XII - പോലീസ്
(6073,15,89,000 രൂപ)

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം
(30756,10,37,000 രൂപ)

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും
(11573,20,39,000 രൂപ)

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXXVII - വ്യവസായങ്ങൾ
(2143,83,69,000 രൂപ)

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): താഴെപ്പറയുന്ന ധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ
(346,60,88,000 രൂപ)

വനം-വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. അൻവർ സാദത്ത്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ്സുകളിൽ സ്ത്രീകൾക്ക് സൗജന്യ യാത്ര അനുവദിച്ചതും ആശാവർക്കർമാർ, അംഗണവാടി വർക്കർമാർ/ഹെൽപ്പർമാർ എന്നീ വിഭാഗങ്ങളുടെ ഓണറേറിയവും പാചകത്തൊഴിലാളികളുടെ വേതനവും വർധിപ്പിച്ചതും ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചതും ഈ സർക്കാരിന്റെ ഇച്ഛാശക്തി തെളിയിക്കുന്നതാണ്. ആഭ്യന്തര വകുപ്പിന്റെ ഓപ്പറേഷൻ സുഫാൻ, എക്സൈസ് വകുപ്പിന്റെ 'മയങ്ങില്ല കേരളം' എന്നീ ലഹരി വിരുദ്ധ പദ്ധതികൾ ശ്ലാഘനീയമാണ്. മോട്ടിവേഷണൽ സ്പീക്കർമാരുടെ സഹായത്തോടുകൂടി വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനും ഓരോ പീരിയഡിലും അഞ്ചുമിനിറ്റ് പ്രായോഗിക വിദ്യാഭ്യാസത്തിനായി മാറ്റിവയ്ക്കുന്നതിനും കുട്ടികളെ ലഹരിയുടെ പിടിയിലകപ്പെടുന്നതിൽനിന്ന് രക്ഷപ്പെടുത്താനുള്ള പദ്ധതികൾക്ക് രൂപംനൽകാനും വിദ്യാഭ്യാസ വകുപ്പ് മുൻകൈയെടുക്കണം. ഹോംസ്റ്റേകൾ അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ ലഘൂകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ആലുവ ശിവരാത്രി മണപ്പുറവും പരുന്ത് റാഞ്ചി മണപ്പുറവും ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസം പദ്ധതി നടപ്പാക്കണം. ബിറ്റുമിന്റെ വില വർധിച്ചതുമൂലം പി.ഡബ്ല്യൂ.ഡി. കരാറുകാർ നേരിടുന്ന പ്രതിസന്ധി പ്രൈസ് മോഡിഫിക്കേഷൻ നടത്തി പരിഹരിക്കണം. ആകർഷകമായ പദ്ധതികൾ ആവിഷ്കരിച്ച് വ്യവസായ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തണം. വ്യക്തിഗത ഗുണഭോക്താക്കളുടെ പറമ്പുകളിലെ തൊഴിലുറപ്പ് പ്രവൃത്തികൾക്കിടയിലുള്ള ഇടവേള കുറച്ചുകൊണ്ട് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനുള്ള നടപടി സ്വീകരിക്കണം. നബാർഡ് സ്കീമിലുൾപ്പെടുത്തി മാഞ്ഞാലിത്തോട് പുനരുദ്ധാരണത്തിന് ഇറിഗേഷൻ വകുപ്പ് മുൻകൈയെടുക്കണം. പുതുതലമുറയ്ക്ക് സ്വീകാര്യമാകുന്ന രീതിയിൽ വാഹന മോഡിഫിക്കേഷനിൽ ഇളവ് നൽകുന്ന ഗതാഗത വകുപ്പിന്റെ നടപടി സ്വാഗതാർഹമാണ്. ആലുവ നിയോജകമണ്ഡലത്തിൽ കൂടുതൽ ബസ് റൂട്ടുകൾ അനുവദിക്കണം. ഉന്നതവിദ്യാഭ്യാസ രംഗത്ത് കാലാനുസൃതമായ കോഴ്സുകൾ, പുതിയ യൂണിവേഴ്സിറ്റികൾ എന്നിവ ആരംഭിക്കണം. ആലുവയിലെ ഐ.എ.എസ്.

അക്കാദമിക്ക് പുതിയ ബിൽഡിങ്, ഹോസ്റ്റൽ സൗകര്യം എന്നിവ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ. കെ. രാമചന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. യു.ഡി.എഫ്.-ന്റെ തിരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പ്രഖ്യാപനങ്ങളായിത്തന്നെ നിലനിൽക്കുന്നതും കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സ്ത്രീ സൗജന്യ യാത്ര ഓർഡിനറി ബസ്സുകളിൽ മാത്രമായി നിജപ്പെടുത്തിയതും അപലപനീയമാണ്. പുതുക്കാട് റെയിൽവെ ഓവർ ബ്രിഡ്ജിന്റെയും പുതുക്കാട്-മുപ്ലിയം റോഡിന്റെയും പ്രവൃത്തി ആരംഭിക്കാനും ടെൻഡർ എക്സസ്സ് വന്ന പ്രവൃത്തികളിന്മേൽ തുടർനടപടി സ്വീകരിക്കാനും അടിയന്തര ഇടപെടലുണ്ടാകണം. മുൻ സർക്കാർ നടപ്പാക്കിയ സ്ത്രീ സുരക്ഷാ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യാത്തത് പ്രതിഷേധാർഹമാണ്. വീര്യംകുറഞ്ഞ മദ്യത്തിന് നികുതിയിളവ് നൽകുമെന്ന പ്രഖ്യാപനം ആശങ്കാജനകമാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ യഥാർത്ഥചിത്രമാണ് ധവളപത്രത്തിലൂടെ അവതരിപ്പിച്ചത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും നികുതി വർധിപ്പിക്കാതെ വിവിധ പദ്ധതികൾക്കായി ബജറ്റിൽ തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. കിഫ്ബി മുഖാന്തരമുള്ള അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളിൽ അവഗണന നേരിട്ട പിന്നാക്ക പ്രദേശങ്ങൾക്കും വിഭാഗങ്ങൾക്കും പ്രത്യേക പരിഗണന നൽകണം. സർക്കാർ സേവനങ്ങൾക്ക് സമ്പന്നരിൽനിന്നും ഫീസ് ഈടാക്കാനും നികുതി ചോർച്ച തടയാനും പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താനും ആനങ്ങാടിയിൽ മിനി ഹാർബർ നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ വർധിപ്പിക്കുമെന്ന യു.ഡി.എഫ്.-ന്റെ വാഗ്ദാനം നടപ്പാക്കാത്തതും ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് ബജറ്റിൽ പരാമർശിക്കാത്തതും വാണിജ്യാവശ്യങ്ങൾക്കായി ഭൂപരിഷ്കരണ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തുമെന്ന് പ്രഖ്യാപിച്ചതും വി.ബി-ജി റാം ജി പദ്ധതിക്ക് മതിയായ തുക ബജറ്റിൽ വകയിരുത്താത്തതും പ്രതിഷേധാർഹമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർത്തലാക്കിയതിനെതിരെയും വി.ബി-ജി റാം ജി പദ്ധതിയുടെ സംസ്ഥാന വിഹിതം 40 ശതമാനമായി ഉയർത്തിയതിനെതിരെയും മൗനം പാലിക്കുന്നത് അപലപനീയമാണ്. കഴിഞ്ഞ സർക്കാർ അവതരിപ്പിച്ച ബജറ്റിൽ വിവിധ

വകുപ്പുകൾക്ക് അനുവദിച്ചിരുന്ന തുക പുതുക്കിയ ബജറ്റിൽ വെട്ടിക്കുറച്ചത് പ്രതിഷേധാർഹമാണ്.

ചീഫ് വിപ്പ് (ശ്രീ. അപു ജോൺ ജോസഫ്): ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. നികുതി-നികുതിയേതര വരുമാനത്തിൽ 6000 കോടിയോളം രൂപ അധിക സമാഹരണം ലക്ഷ്യമിടുന്നതും തൊഴിൽ സാധ്യത വർധിപ്പിക്കുന്നതുമായ ബജറ്റാണിത്. മിഷൻ സമുദ്ര, ഏവിയേഷൻ ഹബ്ബ്, കേരള നോളജ് വാലി, സയൻസ് സിറ്റി, ഫിലിം സിറ്റി എന്നിവയിലൂടെ Knowledge based economy-ക്ക് പ്രാധാന്യം നൽകുമെന്ന് പ്രഖ്യാപിച്ചതും ആരോഗ്യ-വ്യവസായ-വിവരസാങ്കേതികവിദ്യ മേഖലകളിൽ കൂടുതൽ തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. ലഹരിക്കെതിരായ ഓപ്പറേഷൻ ഡി-ഹണ്ട് എന്നല്ല; ഓപ്പറേഷൻ ഡി ഹണ്ട് ശക്തമായി തുടരേണ്ടതാണ്. ആഭ്യന്തര-വിദ്യാഭ്യാസ-ആരോഗ്യ വകുപ്പുകൾ സംയുക്തമായി ജില്ലാതലങ്ങളിൽ ആൽക്കഹോളിക്സ് നാർക്കോട്ടിക്സ് അനോണിമസ് കൂട്ടായ്മകൾ ആരംഭിച്ച് ലഹരിക്ക് അടിമകളായവരെ ലഹരിമുക്തരാക്കാൻ നടപടി സ്വീകരിക്കണം. പൊതു വിദ്യാഭ്യാസ വകുപ്പിനുവേണ്ടി കൂടുതൽ തുക വകയിരുത്താനും നീന്തൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കാനും നടപടി സ്വീകരിക്കണം. സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഓറിയന്റേഷൻ പരിപാടികൾ സംഘടിപ്പിക്കണം.

ശ്രീ. വി. മുരളീധരൻ: ധനാഭ്യർഥനകളെ എതിർക്കുന്നു. പി.എം.ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിനെതിരായ പരാമർശങ്ങൾ അത്യന്തം ഖേദകരമാണ്. രാജ്യത്തിന്റെ വികസന താൽപര്യങ്ങൾക്കൊപ്പം നിൽക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണം.

ശ്രീ. വി. കുഞ്ഞികൃഷ്ണൻ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ബജറ്റിലുൾപ്പെടുത്തിയിട്ടുള്ള പദ്ധതികളെല്ലാം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഖാദി-കൈത്തറി തൊഴിലാളികളുടെ കൂലി വർധിപ്പിക്കാനും നിർമ്മാണത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാനും പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കണം. പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ശക്തിപ്പെടുത്താനും നടപടി സ്വീകരിക്കണം. സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ തടയുകയും കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യണം. സഹകരണ

മേഖലയിലെ ജീവനക്കാരുടെ പെൻഷനും സഹകരണ പെൻഷൻ ബോർഡ് ഫണ്ടും വർധിപ്പിക്കണം.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ രംഗം കാലോചിതമായി പരിഷ്കരിക്കണം. വിദ്യാർഥികളിലെ ക്രിയാശേഷി വർധിപ്പിക്കുന്നതിനും നൈപുണ്യ വികസനത്തിനുമായി ഫിനിഷിങ് സ്കൂൾ ആരംഭിക്കുന്നതിന് നടപടിയുണ്ടാകണം. നികുതി വർധിപ്പിക്കാതെ വരുമാന വർധനവ് ലക്ഷ്യമിടുന്ന ബജറ്റാണിത്.

ശ്രീ. വി. ടി. ബൽറാം: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. ഗുരുതര സാമ്പത്തിക പ്രതിസന്ധിയും പ്രതികൂല സാഹചര്യങ്ങളും മറികടന്ന് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിക്കുമെന്ന നിശ്ചയദാർഢ്യത്തോടുകൂടി അവതരിപ്പിച്ച ബജറ്റാണിത്. അക്കാദമിക-ഭരണഘടനാ സ്ഥാപനങ്ങളിൽ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥരെ ഒഴിവാക്കുന്നതിന് ഇടപെടൽ നടത്തണം. ക്ഷേമനിധി കുടിശ്ശിക കൊടുത്തുതീർക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിക്കുന്നതിനായി ലഭ്യമാകുന്ന അപേക്ഷകൾ മാനുഷിക പരിഗണന നൽകി തീർപ്പാക്കാനുള്ള ഇടപെടലുണ്ടാകണം. പാലക്കാട് ഉൾപ്പെടെയുള്ള മലബാർ മേഖലയിൽ കെ.എസ്.ആർ.ടി.സി.-യുടെ കൂടുതൽ സർവീസുകൾ ആരംഭിക്കാനും തൃത്താല നിയോജകമണ്ഡലത്തിലെ കൂറ്റനാട് കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ സ്ഥാപിക്കാനും നടപടി സ്വീകരിക്കണം. ചാലിശ്ശേരി ആശുപത്രിയുടെ സമഗ്ര നവീകരണം വികസന പദ്ധതിയായി ഏറ്റെടുക്കണം. മലപ്പുറം, പാലക്കാട് ജില്ലകളെയും പരുതൂർ, ഇരിമ്പിളിയം പഞ്ചായത്തുകളെയും ബന്ധിപ്പിക്കുന്ന മുറിഞ്ഞായക്കടവ്-കൈതക്കടവ് പാലത്തിന് അടിയന്തരമായി ഭരണാനുമതി നൽകുകയും മുൻഗണനാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുകയും ചെയ്യണം.

ശ്രീമതി ഒ. എസ്. അംബിക: ധനാഭ്യർഥനകളെ എതിർക്കുന്നു. റവന്യൂ വരുമാനത്തിന്റെ മുഖ്യ പങ്കും പൊതു ചെലവുകൾക്കായി വിനിയോഗിക്കുന്നുവെന്ന വാദവും ബജറ്റിന് പുറത്തുനിന്നുള്ള കടമെടുപ്പ് അംഗീകരിക്കാൻ കഴിയില്ലെന്ന നിലപാടും നിർഭാഗ്യകരമാണ്. പൊതുമേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള സർക്കാർ നീക്കം ഖേദകരമാണ്. പൊതുചെലവ് കുറച്ച് സ്കൂളുകളും ആശുപത്രികളും അടച്ചുപൂട്ടുന്നതിനുപകരം മെച്ചപ്പെട്ട ഗുണനിലവാരത്തോടെ അവയെ മുന്നോട്ട് നയിക്കാനുള്ള നിലപാട്

സ്വീകരിക്കണം. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

ശ്രീ. എം. റഹ്മത്തുള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മഞ്ചേരി നിയോജകമണ്ഡലത്തിനുവേണ്ടി പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതി തുടർന്നും നടപ്പാക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയത് സ്വാഗതാർഹമാണ്. പരമ്പരാഗത കൈത്തറി മേഖലയെ സംരക്ഷിക്കണം.

ശ്രീമതി ഉമ തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലഹരി വസ്തുക്കളുടെ വിപണനവും ഉപഭോഗവും തടയുന്നതിനുള്ള പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ജലഗതാഗത മേഖലയിലെ നിക്ഷേപങ്ങൾ വർധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനം ഉറപ്പാക്കുന്നതിനും വൈറ്റിലയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനും ഫ്ലാറ്റുകളിൽ താമസിക്കുന്നവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തൃക്കാക്കര നിയോജകമണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും അവിടത്തെ ഒരു ആശുപത്രിയിലെങ്കിലും ഐ.പി. സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം. ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. സുമേഷ് അച്യുതൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിവിധ വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അനെർട്ടിനെതിരെ ഉയർന്നുവന്നിട്ടുള്ള അഴിമതികളെക്കുറിച്ച് അന്വേഷിക്കണം.

ശ്രീ. വി.കെ. സനോജ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതും നികുതിചോർച്ച തടയുന്നതും സംബന്ധിച്ച് ബജറ്റിൽ പ്രതിപാദിക്കാത്തത് ഖേദകരമാണ്. വൻകിട പദ്ധതികൾക്ക് നാമമാത്രമായ തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. വീര്യം കുറഞ്ഞ മദ്യത്തിന് നികുതിയിളവ് നൽകുമെന്ന ബജറ്റ് പ്രഖ്യാപനം സംബന്ധിച്ച് വ്യക്തത വരുത്തണം.

ശ്രീ. പി. കെ. ഫിറോസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത ജനവിഭാഗങ്ങളെയും ചേർത്തുപിടിക്കുന്ന ബജറ്റാണിത്. ന്യൂനപക്ഷങ്ങൾക്ക് റിസർച്ച് ഫെലോഷിപ്പ്, ഓവർസീസ് സ്കോളർഷിപ്പ് എന്നിവയ്ക്കായി തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാത്തതും വ്യവസായ

മേഖലയ്ക്ക് കൂടുതൽ തുക വകയിരുത്തിയതും സ്വാഗതാർഹമാണ്. പൊതുമേഖലയെ സ്വകാര്യവത്കരിക്കുന്നുവെന്ന പ്രതിപക്ഷ ആരോപണം അടിസ്ഥാനരഹിതമാണ്. കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ഇൻവെസ്റ്റ്മെന്റ് കൗൺസിൽ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചതും പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാ പദ്ധതി, ഓപ്പറേഷൻ ഗുഹാൻ, മിഷൻ സമുദ്ര തുടങ്ങിയ ജനകീയ പദ്ധതികൾ നടപ്പാക്കുന്നതും ശ്ലാഘനീയമാണ്.

ശ്രീ. സന്ദീപ് വാര്യർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നികുതി ഘടനയിൽ മാറ്റംവരുത്താതെ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും നികുതിചോർച്ച തടയുന്നതിനും സ്വീകരിക്കുന്ന നടപടി സ്വാഗതാർഹമാണ്. മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി ഓപ്പറേഷൻ ഗുഹാന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ആഭ്യന്തര വകുപ്പുമന്ത്രിമാരെ പങ്കെടുപ്പിച്ചുകൊണ്ട് ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. കാഞ്ഞങ്ങാട് വാഹന പരിശോധനയ്ക്കിടെയുണ്ടായ അപകടത്തിൽ പരിക്കേറ്റ പൊലീസുകാരുടെ ചികിത്സാചെലവ് ഏറ്റെടുക്കുകയും സഹായധനം 25 ലക്ഷം രൂപയാക്കി വർധിപ്പിക്കുകയും ചെയ്യണം. വെള്ളരിക്കുണ്ട് പോലീസ് സ്റ്റേഷനിലെ ജീപ്പിടിച്ച് തെങ്ങുകയറ്റത്തൊഴിലാളി മരണപ്പെട്ട സംഭവത്തിൽ അന്വേഷണം കാര്യക്ഷമമാക്കാനും ആശ്രിതർക്ക് 25 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാനും നടപടി സ്വീകരിക്കണം. സഹകരണ വകുപ്പ് നടപ്പാക്കുന്ന ആശ്വാസ് പദ്ധതി സ്വാഗതാർഹമാണ്. തൃക്കരിപ്പൂരിൽ ലോജിസ്റ്റിക്കൽ-കം-ഹൈടെക് വെർട്ടിക്കൽ ഇൻഡസ്ട്രിയൽ പാർക്കിന് അനുമതി നൽകിയത് അഭിനന്ദനാർഹമാണ്. ആരോഗ്യ മേഖലയിൽ പിന്നാക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂരിൽ എയിംസ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കണം.

ശ്രീ. ഷിബു തെക്കുംപുറം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും നികുതി-നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനും പുതിയ സമ്പദ്ഘടന വളർത്തിയെടുക്കുന്നതിനും കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുമുള്ള ബജറ്റ് നിർദേശങ്ങൾ സ്വാഗതാർഹമാണ്.

ശ്രീ. നജീബ് കാന്തപുരം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഓരാടംപാലം-മാനത്തുമംഗലം ബൈപ്പാസ് യാഥാർഥ്യമാക്കുന്നതിന് തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. ഐ.ടി. വകുപ്പിന് 100 കോടി രൂപ വകയിരുത്തിയതിലൂടെ ഉദ്യോഗാർഥികളുടെ വിദേശത്തേക്കുള്ള കുടിയേറ്റം അവസാനിപ്പിക്കാനും കേരളത്തെ എം.എൻ.സി.-കളുടെ ബാക്ക് ഓഫീസാക്കാനുമുള്ള പദ്ധതികൾ നടപ്പാക്കാനും സാധിക്കും.

പ്രവാസികളെ നിക്ഷേപകരും സംരംഭകരുമാക്കിക്കൊണ്ട് സംസ്ഥാനത്തെ ഇൻവെസ്റ്റ്മെന്റ് ഇക്കോണമിയാക്കുന്നതിനും റയർ എർത്ത് ആൻഡ് ക്രിട്ടിക്കൽ മിനറൽ കോറിഡോറിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുമുള്ള ബജറ്റ് നിർദേശങ്ങൾ സ്വാഗതാർഹമാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: ധനാഭ്യർഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി വിഭാഗത്തിലെ വിദ്യാർഥികൾക്ക് നൽകിവന്നിരുന്നതും കോവിഡ് കാലത്ത് മുടങ്ങിപ്പോയതുമായ അവാർഡുകൾ, ഹോസ്റ്റൽ ഫീസ്, സ്റ്റൈപന്റ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി തുടങ്ങിയവ അടിയന്തരമായി നൽകുന്നതിനും 'സർഗ്ഗോത്സവം' പരിപാടി പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. സി. മൊയ്തീൻ: ധനാഭ്യർഥനകളെ എതിർക്കുന്നു. പൊതുകടം, ധനകമ്മി, റവന്യൂ കമ്മി തുടങ്ങിയവയുടെ കാര്യത്തിൽ മറ്റുസംസ്ഥാനങ്ങളെക്കാൾ പിന്നിൽ നിൽക്കുന്ന കേരളത്തെ കടക്കെണിയിലാണെന്ന് വരുത്തിത്തീർത്ത് വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നതും സ്വകാര്യ നിക്ഷേപം ആകർഷിക്കാനെന്നപേരിൽ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കുന്നതും അംഗീകരിക്കാൻ കഴിയില്ല. സംസ്ഥാന താൽപര്യം സംരക്ഷിക്കാനുതകുന്ന പദ്ധതികളില്ലാത്ത ബജറ്റാണിത്. ഭരണാനുമതി ലഭിച്ച പദ്ധതികളുടെ തുക വെട്ടിക്കുറയ്ക്കുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതികളോട് നിഷേധാത്മക സമീപനം സ്വീകരിക്കുന്നതും അപലപനീയമാണ്. നവകേരളം പദ്ധതി സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കണം. തൊഴിലുറപ്പ് പദ്ധതിക്കായി പുതുക്കിയ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർവതലസ്പർശിയായ കാഴ്ചപ്പാടുകളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. 'ഭൂപരിഷ്കരണം 2.0' നടപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതും പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് പ്രോത്സാഹിപ്പിക്കുന്നതിനായി ഭൂമിയുടെ സ്വഭാവം നിലനിർത്തിക്കൊണ്ടുള്ള മാറ്റങ്ങൾക്ക് നേതൃത്വം നൽകുന്നതുമാണ്. സർക്കാർ ഭൂമി കൈയേറുന്നവർക്കും അതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കും. ഭൂമി കൈവശമുള്ള എല്ലാവർക്കും പട്ടയം നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. തീരദേശവാസികൾ, പട്ടികജാതി വിഭാഗങ്ങൾ, ആദിവാസികൾ എന്നിവർക്ക് പട്ടയം നൽകുന്നതിന് മുൻഗണന നൽകും. ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിനും ന്യായവില

ഏകീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്. ഭൂമി തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കും. വില്ലേജ് ഓഫീസ് ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട് ജനങ്ങൾക്കായി ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കും. അരക്കുപറമ്പ്, കാളികാവ് ഉൾപ്പെടെയുള്ള പത്ത് വില്ലേജുകളെ സ്മാർട്ട് വില്ലേജുകളാക്കി മാറ്റുകയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൂടുതൽ സ്മാർട്ട് വില്ലേജുകൾ അനുവദിക്കുകയും ചെയ്യുന്നതാണ്. റവന്യൂ വകുപ്പിലെ സേവനങ്ങൾ സുതാര്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണ-എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ലിജു): ലഹരിമുക്ത കേരളം ലക്ഷ്യമിട്ട് എല്ലാ എക്സൈസ് ഓഫീസുകളിലും ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ ലഭ്യമാക്കാനും കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയും സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയും സ്ഥാപിക്കാനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടെയുള്ള മോഡൽ റെയ്ഞ്ച് എക്സൈസ് ഓഫീസുകൾ വിഭാവന ചെയ്തിട്ടുണ്ട്. ലഹരിമുക്ത പദ്ധതികളുടെ ഭാഗമായി 'മയങ്ങില്ല കേരളം', 'ഓപ്പറേഷൻ തണ്ടർ' എന്നിവ കാര്യക്ഷമമായി നടപ്പാക്കിവരുന്നു. ഇൻഫോർമർമാരുടെ രഹസ്യവിവരം സൂക്ഷിക്കുന്നതിനായി വെബ് പോർട്ടൽ ആരംഭിക്കുന്നതും വിമുക്തി പദ്ധതിയിലൂടെ കൗൺസിലിങ്, ഡീ-അഡിക്ഷൻ സെന്റർ സേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നതുമാണ്. സഹകരണ മേഖലയിൽ ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെ 'ആശ്വാസ്-26' ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിവരികയാണ്. ഇക്കാലയളവിൽ ജപ്തി, ലേല നടപടികൾ നിർത്തിവയ്ക്കാൻ നിർദേശം നൽകിയിട്ടുള്ളതും വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതുമാണ്. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ റിസ്ക് ഫണ്ട് പദ്ധതിയിൽ മാരക രോഗബാധിതർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നിയമഭേദഗതികൾ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ലിക്വിഡേറ്റ് ചെയ്യപ്പെട്ട സംഘങ്ങൾക്ക് മാത്രം ലഭിക്കുന്ന ഗാരന്റി ഫണ്ട് ആനുകൂല്യങ്ങൾ സാധാരണ നിക്ഷേപകർക്കും ലഭ്യമാക്കുന്നതിനുള്ള നിയമ നടപടി വകുപ്പിന്റെ പരിഗണനയിലാണ്. സഹകരണ മേഖലയുടെ മുന്നേറ്റം ലക്ഷ്യംവച്ചുകൊണ്ടുള്ള പി.സി.പി (Public co-operative Participation) പദ്ധതിയുടെ പ്രാരംഭ പഠനങ്ങൾക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. സി. പി. ജോൺ): പ്രിയദർശിനി സ്ത്രീ സൗജന്യ യാത്രാപദ്ധതി നടപ്പിലാക്കിയ വകയിൽ 2.5 കോടി രൂപ ഗവൺമെന്റിന് പ്രതിദിന ബാധ്യത വരുന്നുണ്ടെങ്കിലും അത് കുടുംബ ബജറ്റിനെ പരിപോഷിപ്പിക്കും. സ്വകാര്യ ബസ്സുകൾക്ക് ത്രൈമാസ നികുതിയിൽ 50 ശതമാനം ഇളവനുവദിച്ചിട്ടുണ്ട്. കാൽനട യാത്രക്കാരെയും ഗതാഗത സംവിധാനങ്ങളെയും ഉൾക്കൊള്ളുന്ന പുതിയ ഗതാഗത നയം രൂപീകരിക്കുന്നതിനും സീബ്രാ ലൈനുകളുടെ വീതി കൂട്ടുന്നതിനും വാഹന സെൻസസ് നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വായു മലിനീകരണം തടയുന്നതിന് കർശന നടപടി സ്വീകരിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമവണ്ടികൾ തുടർന്നുകൊണ്ടുപോകുന്നതാണ്; അവയുടെ എണ്ണം വർധിപ്പിക്കാൻ എല്ലാ ജനപ്രതിനിധികളും പരിശ്രമിക്കണം. ധനാഭ്യർഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കേന്ദ്ര-സംസ്ഥാന വിഹിതം ഉപയോഗപ്പെടുത്തി പൊലീസിങ്ങിൽ വിദേശമാതൃകയിൽ ശാസ്ത്രീയമായ ആധുനികവൽക്കരണം നടപ്പാക്കുന്നതിന് പ്രാധാന്യം നൽകും. കേരളത്തിലെ Cyberdom, Annual cOcOn summit എന്നിവ അന്താരാഷ്ട്ര പ്രശസ്തി നേടിയിരിക്കുകയാണ്. സാമ്പത്തിക-സാമൂഹിക മേഖലകളിലെ വർധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് കർശന നടപടി സ്വീകരിക്കും. ജനസംഖ്യാനുപാതികമായി പോലീസ് സേനയിൽ അംഗബലം വർധിപ്പിക്കേണ്ടതുണ്ട്. സമയബന്ധിതമായി പരാതികൾ തീർപ്പാക്കുന്നതിന് പോലീസ് ഓഡിറ്റ് നടപ്പാക്കും. റോഡരികുകളിൽ ഉപേക്ഷിക്കപ്പെട്ടതും പൊലീസ് സ്റ്റേഷനുകളിലും പരിസരത്തും പിടിച്ചിട്ടിരിക്കുന്നതും കോടതി കേസുകൾ തീർപ്പായതുമായ വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഡ്യൂട്ടിക്കിടെ അപകടം സംഭവിക്കുന്ന പോലീസുകാരെ സഹായിക്കാനായി ഡി.ജി.പി.-യുടെ നേതൃത്വത്തിൽ സഹായനിധി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ക്ലീനിങ് കമ്പനി എന്ന ബോർഡുവച്ച് മിഠായി എന്ന വ്യാജേന ലഹരിവസ്തുക്കൾ ഉണ്ടാക്കുന്ന ഒരു സ്ഥാപനം പോലീസ് റെയ്ഡ് ചെയ്യുകയും വസ്തുവകകൾ പിടിച്ചെടുക്കുകയും കുറ്റക്കാരെ ജയിലിലടയ്ക്കുകയും ചെയ്തകാര്യം സഭയെ അറിയിക്കുകയാണ്. ഓപ്പറേഷൻ തൂഫാൻ ലഹരി മാഫിയയുടെ തായ്‌വേര് അറുക്കുന്നതുവരെ തുടരുന്നതാണ്; ഇതിനായി 10 കോടി രൂപ വകയിരുത്തിയിട്ടുമുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ ജീവിതത്തിലേക്ക് തിരികെ

കൊണ്ടുവരാനായി ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാനും ഇന്റേണൽ വിജിലൻസിനെ ശക്തിപ്പെടുത്താനും വിജിലൻസ് മാനുവൽ പരിഷ്കരിക്കാനും നടപടി സ്വീകരിക്കുന്നതാണ്. ക്ഷയോന്മുഖമായ കയർ വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് പുതിയ പദ്ധതിക്ക് രൂപം നൽകുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): വിദ്യാഭ്യാസരംഗത്തെ ഗുണനിലവാര തകർച്ച പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. പ്രൈമറി മുതൽ സെക്കൻഡറിതലം വരെയുള്ള വിദ്യാർത്ഥികളിൽ പൊതുധാർമ്മികത വളർത്തിയെടുക്കുന്നതിനായി പാഠ്യപദ്ധതിയിൽ അവബോധ ക്ലാസ് ഉൾപ്പെടുത്തുന്നതാണ്. പാഠപുസ്തക വിതരണം യഥാസമയം പൂർത്തിയാക്കുകയും യൂണിഫോമിന്റെ വിതരണം ഏറെക്കുറെ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലഹരി വിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് 'വൺ മില്ല്യൺ ഗുഫാൻ ഗോൾസ്' എന്ന കാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. പ്ലസ് വൺ സീറ്റ് ദൗർലഭ്യമുള്ള ജില്ലകളിൽ താൽക്കാലിക ബാച്ചുകൾ ആരംഭിക്കാനും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലായി പ്ലസ്ടു ഇംപ്രൂവ്മെന്റ് പരീക്ഷകൾ നടത്താനും തീരുമാനിച്ചിട്ടുണ്ട്. മൈനോറിറ്റി കോച്ചിങ് സെന്ററുകൾ ആധുനികവൽക്കരിക്കുന്നതിനും ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് വിതരണം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): ഷിഗെല്ല പോലുള്ള പകർച്ചവ്യാധികളെ നിയന്ത്രണവിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. സർക്കാർ ആശുപത്രികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും രോഗികളെ നിലത്ത് കിടത്താത്ത ആശുപത്രിയായി തിരുവനന്തപുരം മെഡിക്കൽ കോളേജിനെ മാറ്റുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ഡി.എം.ഒ.-മാരുടെ ഒഴിവുകൾ നികത്തുകയും ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. എയിംസ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കുന്നതാണ്. ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായ-വിവരസാങ്കേതികവിദ്യ വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): നൂതന ടെക്നോളജിക്കനുസൃതമായി ഉന്നതവിദ്യാഭ്യാസ രംഗത്തെ ആധുനികവൽക്കരിക്കാനും പുതിയ വ്യവസായ സംരംഭകരെ ഉയർത്തിക്കൊണ്ടുവരാനും സാധിക്കണം. സമസ്ത

മേഖലയിലും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും ചെറുകിട വ്യവസായങ്ങൾക്ക് അവസരങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് എല്ലാ വകുപ്പുകളെയും പരിഷ്കരിക്കുന്നതാണ്. ആലപ്പുഴ തീരപ്രദേശത്ത് കരിമണൽ ഖനനം അനുവദിക്കുന്നതല്ല. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): അനെർട്ട് മുഖേന നടപ്പാക്കുന്ന സോളാർ എനർജി പദ്ധതികളിലെ ക്രമക്കേടുകളെ സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങളുടെ നിജസ്ഥിതി അന്വേഷിക്കുന്നതിന് കമ്മിറ്റിയെ നിയോഗിക്കുകയും വിജിലൻസ് വകുപ്പ് പ്രാഥമിക അന്വേഷണം നടത്തിവരികയുമാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെ കണ്ടെത്തി ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനും നിക്ഷേപം, തൊഴിൽസൃഷ്ടി, സാമ്പത്തിക പ്രവർത്തനം എന്നിവ ശക്തിപ്പെടുത്തുന്നതിനുമായി റെമിറ്റൻസ് അധിഷ്ഠിത സമ്പദ്‌വ്യവസ്ഥയെ നിക്ഷേപാധിഷ്ഠിത സമ്പദ്‌വ്യവസ്ഥയിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. പോർട്ട് സിറ്റി, ഏവിയേഷൻ ഹബ്ബ്, എം.എസ്.എം.ഇ. ഉൾപ്പെടെയുള്ള മേഖലകളിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും അധിക നികുതിഭാരം ഏർപ്പെടുത്താതെ നികുതി ഘടന ക്രമീകരിച്ച് വരുമാനം വർധിപ്പിക്കുന്നതിനുള്ള ടാക്സ് ഡ്രൈവ് നടപ്പാക്കുകയും നികുതി വെട്ടിപ്പ് തടയുകയും ചെയ്യും. വയോജന സംരക്ഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പട്ടികജാതി, പട്ടികവർഗ, മത്സ്യത്തൊഴിലാളി വിഭാഗങ്ങൾക്കായി പ്രത്യേക ഭവനപദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കും. ബജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾ ഘട്ടംഘട്ടമായി നടപ്പാക്കി ഫലപ്രാപ്തിയിലെത്തിക്കും. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയും നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയും ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും എക്സൈസ് എന്ന

VIII-ാം നമ്പർ ധനാഭ്യർഥനയും വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയും 89-നെതിരെ 34 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## V അറിയിപ്പ്

'ഡെയ്ഞ്ചറസ് വൈബ്' ചലച്ചിത്ര പ്രദർശനം

മി. സ്പീക്കർ: ഇന്ന് വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സാമാജികർക്കായി നിയമസഭാ മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ ലഹരിവിരുദ്ധ ബോധവൽക്കരണം ലക്ഷ്യമാക്കി നിർമ്മിച്ച 'ഡെയ്ഞ്ചറസ് വൈബ്' ചലച്ചിത്രത്തിന്റെ പ്രദർശനം സംഘടിപ്പിച്ചിട്ടുണ്ട്.

(സഭ വൈകുന്നേരം 4.13-ന് പിരിഞ്ഞു.)

* * * * * * *